"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ **2021 - 2022** വർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.**2366/2025/LSGD** തീയതി,തിരുവനന്തപുരം, **27-09-2025**

---

പരാമർശം:-
1. **16/03/2022** ലെ സ.ഉ(സാധാ)**652/2022**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് .
2. **08.11.2024** ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **PD/65477/2023/DPLC2** നമ്പർ കത്ത്.
3. **28/02/2025** ലെ സ.ഉ(സാധാ)**564/2025**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

**ഉത്തരവ്**

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ **2021 - 2022** വർഷം വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം ചെയ്ത വകയിൽ **01.04.2022** മുതൽ **31.05.2022** വരെ ആകെ **₹27,74,025/-** ചെലവ് വന്നിട്ടുണ്ടെന്നും, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിൽ കോർപ്പറേഷന് അനുവദിക്കാവുന്ന തുകയായ 22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രൂക്ഷമായ വരൾച്ചയെ തുടർന്ന് കടിവെള്ള പ്രശ്നം രുക്ഷമായതിനാൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള തുകയ്ക്ക് മാത്രം കുടിവെള്ള വിതരണം നിജപ്പെടുത്തിയാൽ കുടിവെള്ളം ലഭിക്കാതെ പ്രസ്തുത പ്രദേശവാസികൾ കടുത്ത ബുദ്ധിമുട്ടിലാകുമെന്നുള്ളതിനാൽ, ആയത് കണക്കിലെടുത്ത് അധികമായി കുടിവെള്ള വിതരണം ചെയ്തത് അംഗീകരിക്കുന്നതിനും, കരാറുകാർ സമർപ്പിച്ച ബില്ലുകൾ പ്രകാരം അധികമായി അനുവദിക്കാൻ ബാക്കിയുള്ള **₹5,74,025/-** കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ബിൽ വിവരങ്ങൾ, വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് രേഖകൾ സഹിതം കണ്ണൂർ ജില്ലാ ജോയിന്റ് സയറക്ടറുടെ ശിപാർശയോടെ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നും കണ്ണൂർ

ജില്ലാ ജോയിന്റ് ഡയറക്ടറുടെ ടി ശിപാർശയുടെയും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ ₹5,74,025/- തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ചേലോറ സോണിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെലവായ തുക കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും ₹81,775/- കരാറുകാരിയായ ശ്രീമതി. ജിഷി. സി-യ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 01/04/2022 മുതൽ 31/05/2022 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ ₹5,74,025/- യിൽ ശ്രീമതി. ജിഷി. സി- യ്ക്ക് പരാമർശം (3) പ്രകാരം അനുവദിച്ച ₹81,775/- കിഴിച്ച ശേഷം ബാക്കിയുള്ള ₹4,92,250/- (നാല് ലക്ഷത്തിൽ തൊണ്ണൂറ്റിരണ്ടായിരത്തി ഇരുന്നൂറ്റി അമ്പതു രൂപ മാത്രം), ചിലവ് ആധികാരികത കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ , കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 03-10-2025 16:35:43

.